**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6604** **21-03-2023 - ൽ മറുപടിയ്ക്ക്**

**എസ്.പി.പുരം-കാന്തല്ലൂർ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ എസ്.പി.പുരം-കാന്തല്ലൂർ റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ഏകദേശം 16 കിലോമീറ്ററോളം ദൂരം വരുന്ന എസ്.പി പുരം-കാന്തല്ലൂർ റോഡിന്റെ 7 കിലോമീറ്ററോളം ദൂരം സംരക്ഷിത വന മേഖലയിൽ കൂടിയാണ് കടന്നു പോകുന്നത്. സംരക്ഷിത വന മേഖലയിൽ കൂടി കടന്നുപോകുന്നതിനാൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. വനം വകുപ്പിന്റെ അനുമതിക്കായി 03.02.2023- ൽ അപേക്ഷിച്ചിരുന്നെങ്കിലും അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണത്തിന് വനം വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഏകദേശം 16 കിലോമീറ്ററോളം ദൂരം വരുന്ന എസ്.പി പുരം-കാന്തല്ലൂർ റോഡിന്റെ 7 കിലോമീറ്ററോളം ദൂരം സംരക്ഷിത വന മേഖലയിൽ കൂടിയാണ് കടന്നു പോകുന്നത്. സംരക്ഷിത വന മേഖലയിൽ കൂടി കടന്നുപോകുന്നതിനാൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. വനം വകുപ്പിന്റെ അനുമതിക്കായി 03.02.2023- ൽ അപേക്ഷിച്ചിരുന്നെങ്കിലും അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. |
| (സി) | എൻ.ഒ.സി. ലഭ്യമാകുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടിയും ആയതിന് വനം വകുപ്പിന്റെ മറുപടിയും വിശദമാക്കാമോ? | (സി) | മൂന്നാർ പൊതുമരാമത്ത് വകുപ്പ് നിരത്ത് ഉപ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്ത നങ്ങളുടെ അനുമതിക്കായി മൂന്നാർ വൈൽഡ് ലൈഫ് വാർഡന് 03.02.2023 ൽ കത്ത് നൽകുകയും ആയതിന് മറുപടിയായി ബഹു. സുപ്രീം കോടതിയാൽ രൂപീകരിക്കപ്പെട്ട Central Empowered Committee യുടെ 30.09.2003 തീയതിയിലെ ഉത്തരവ് പ്രകാരം വന മേഖലയിലുള്ള നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കാൻ ഉത്തരവ് ആയിട്ടുണ്ടെന്നും ടി ഉത്തരവിൽ മാറ്റം വന്നാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സാധിക്കുകയുള്ളൂവെന്നും മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ അറിയിക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ